എമ്മാവൂസ്
# വചനമൂട്ട്
Vol.30 / Issue - 46 / 07 May 2017

ഉയിർപ്പ് 4–ാം ഞായർ യോഹ 16:16–24



# നിത്യമായ സന്തോഷത്തിന് ആഴമായ വിശ്വാസം

ബ്ര. മനു നൂറനാനിക്കൽ

"അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല. വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്ന് ഈശോ പറയുന്നു." ഇതിന് മുമ്പ് യോഹ 7:32 ലും യോഹ 13:33ലും ഈശോ ഇതുതന്നെ പറഞ്ഞിട്ടുണ്ട്. ഇതു സൂചിപ്പിക്കുന്നത് ഉടനെ സംഭവിക്കാൻ പോകുന്ന യേശുവിന്റെ കടന്നു പോകലും, ചുരുങ്ങിയ സമയത്തെക്കുള്ള അവന്റെ സാന്നിദ്ധ്യവും ആണ്. പഴയ നിയമത്തിൽ അൽപസമയം എന്ന പ്രയോഗം തീവ്രമായ യുഗാന്ത്യോന്മുഖ പ്രതീക്ഷയുടെയും ആസന്നമായ ദൈവത്തിന്റെ പുതിയ യുഗത്തിന്റെയും ഇടവേളയെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത് (ഏശയ്യ 10:25, 26:20, 29:17).

യേശുവിന്റെ മരണത്തിന്റെ ഫലമായി വിശ്വാസ സമൂഹത്തിൽ സംഭവിക്കാൻ പോകുന്ന പരിവർത്തനത്തിലേക്ക് വചനം വിരൽ ചൂണ്ടുന്നു. ശിഷ്യന്മാർ സന്തോഷത്തിന്റെ ഒരു പുതിയ ജനമാകും. യേശുവിന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ശിഷ്യന്മാർക്ക് ഒരു പുതിയ ജന്മം ലഭിക്കുകയാണ്. ഞാൻ വീണ്ടും നിങ്ങളെ കാണും എന്ന യേശുവിന്റെ വാഗ്ദാനം ഉത്ഥാനത്തിനുശേഷമുള്ള പ്രത്യക്ഷീകരണമാണ് സുചിപ്പിക്കുന്നത്. ഉത്ഥാനത്തിനുശേഷമുള്ള ഈശോയുടെ പ്രത്യക്ഷീകരണം പുതിയ മാറ്റങ്ങളിലേക്ക് നയിക്കുകയാണ്. യേശുവിന്റെ പ്രത്യക്ഷപ്പെടൽ മറിയത്തിന്റെ കരച്ചിൽ നിൽക്കാൻ കാരണമാകുന്നു (യോഹ 20:16). യേശുവിന്റെ പ്രത്യക്ഷപ്പെടൽ ശിഷ്യന്മാരുടെ സന്തോഷത്തിനും കാരണമാകുന്നു (യോഹ 20:20). ഇന്നത്തെ തിരുവചനം നമ്മോടു രണ്ടു കാര്യങ്ങളാണ് പ്രധാനമായും പറയുന്നത്. ഒന്നാമതായി, ക്രിസ്തുവിന്റെ സാന്നിധ്യം സങ്കടങ്ങൾ മാറാനും സന്തോഷം പകരാനും കാരണമാകും. രണ്ടാമതായി, വിശ്വാസത്തിനുവേണ്ടി സഹനങ്ങൾ എറ്റെടുക്കുന്നവരുടെ സന്തോഷം ഒന്നിനും നശിപ്പിക്കാൻ കഴിയില്ല.

ഒരിക്കൽ ഒരു അച്ചൻ ഒരു രോഗിക്ക് അന്ത്യകൂദാശയും വിശുദ്ധ കുർബാനയും കൊടുക്കാൻ

പോയി. രോഗിയുടെ അസുഖം സ്കിൻ ക്യാൻസർ. ശരീരം മുഴുവൻ പൊട്ടിയൊലിച്ച് വല്ലാത്ത ദുർഗന്ധം വമിപ്പിക്കുവാണ്. അച്ചൻ വളരെ സങ്കടത്തോടെ അദ്ദേഹം കിടന്നിരുന്ന മുറിയിലേക്ക് പ്രവേശിച്ചു. അപ്പോൾ അച്ചൻ ശ്രദ്ധിച്ചു; ഭീകരമായ വേദനയുടെ നടുവിലും അദ്ദേഹത്തിന്റെ മുഖത്ത് ഒരു സങ്കടവുമില്ല, പരിഭവവുമില്ല, പരാതിയുമില്ല മറിച്ച് ഒരു പുഞ്ചിരിയാണ്. അച്ചൻ വിചാരിച്ചു എന്താണാവോ ഈ പുഞ്ചിരിയുടെ അർത്ഥം. അപ്പോഴാണ് അച്ചൻ ശ്രദ്ധിച്ചത്, ആ അപ്പച്ചന്റെ കണ്ണ് പതിഞ്ഞിരിക്കുന്നത് അച്ചന്റെ മുഖത്തല്ല ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു ബൈബിൾ വാക്യത്തിലാണ്. "നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു" (റോമ 8:18).

സഹനങ്ങളുടെ താഴ്വരയിലൂടെ ഏകാന്തപഥികനായി നടക്കുമ്പോഴും കുരിശിലേറി ഉത്ഥാനം ചെയ്തവൻ കൂടെ ഉണ്ടെന്നുള്ള ബോദ്ധ്യവും തിരിച്ചറിവുമാണ് ഒരുവനെ ഏറ്റവും നല്ല സുവിശേഷ പ്രഘോഷകനാക്കുന്നത്. സഹനങ്ങളുടെ അർത്ഥം കേവലം പ്രതികരണ മുദ്രാവാക്യങ്ങളിലൂടെയും സമരമുറകളിലൂടെയും പ്രകടിപ്പിക്കുന്നവരെ ലോകം ഓർമ്മയിൽ സൂക്ഷിക്കില്ല എന്ന കാര്യം ചരിത്രം സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു. എന്നാൽ സഹനങ്ങളെ ശാന്തതയോടെ സ്വന്തജീവിതത്തോട് ചേർത്തുവച്ചവരൊക്കെയും കാലാന്തരത്തിൽ ഈ സമൂഹത്തിൽ ജീവിക്കുന്ന പാഠപുസ്തകങ്ങളായി തീർന്നു.

വിശ്വാസത്തിനുവേണ്ടി സഹനത്തിന്റെ തീച്ചൂളയിലൂടെ നടന്നവർക്കൊക്കെയും പ്രതീക്ഷ നൽകുന്ന ദൈവവചനമാണ് തിരുസഭാമാതാവ് നൽകുന്നത്. "ആരും നിങ്ങളുടെ സന്തോഷം നിങ്ങളിൽ നിന്ന് എടുത്ത് കളയുകയില്ല." എന്റെ സന്തോഷങ്ങൾ ആരെങ്കിലും നശിപ്പിച്ചാൽ ഓർക്കുക ഞാൻ വിശ്വാസത്തിൽ നിന്നും സഹനങ്ങളിൽ നിന്നും മാറിനടക്കുന്നവരാണ്. സഹനങ്ങൾ ഇല്ലാത്ത സന്തോഷങ്ങളുടെ പുറകെ പോകുമ്പോഴാണ് അപകടങ്ങളിൽ ചെന്ന് ചാടുന്നത്. അതിനാൽ ഈശോയുടെ വചനങ്ങൾ ശ്രവിക്കാം. അവൻ എപ്പോഴും കൂടെയുണ്ടെന്ന ചിന്തയിൽ സഹനങ്ങളിൽ പതറാതിരിക്കാം. ◆

